# "ഭരണഭാഷ മാതൃഭാഷ"

അടിയന്തിരം

A1/364/16

ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ
ഗവ: ആർട്സ് ആൻഡ് സയൻസ് കോളേജ്
ബാലുശ്ശേരി, കോഴിക്കോട്.
Ph-0496- 2646342
Email-gcbalussery.dce@kerala.gov .in

തീയതി: 24.02.2022

പ്രേഷകൻ

പ്രിൻസിപ്പാൾ

സ്വീകർത്താവ്

ശ്രീ. Advt. കെ.എം.സച്ചിൻദേവ്
ബഹു.എം.എൽ.എ.
ബാലുശ്ശേരി

വിഷയം:- ഡോ. ബി. ആർ അംബേദ്കർ മെമ്മോറിയൽ ഗവ: ആർട്സ് ആൻഡ് സയൻസ് കോളേജ് ബാലുശ്ശേരി-കോളേജിലെ നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ നിർദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന:- 1).03/ 12/ 2021,06/ 01/ 2022 ,10/ 02/ 2022 എന്നീ തിയ്യതികളിലെ ഇതേ നമ്പർ കത്തുകൾ
2.കിറ്റ്കോ ലിമിറ്റഡ് ന്റെ 22/ 02/ 2022 ലെ 7618 :DP -1025 :PP 2022 നമ്പർ കത്ത്

2013-14 കാലഘട്ടത്തിൽ സർക്കാർ അനുവദിച്ച കോളേജിന് PWD മാസ്റ്റർ പ്ലാൻ അനുസരിച്ചു മൂന്ന് നിലകൾ (G+2) ആണ് വിഭാവനം ചെയ്തിട്ടുള്ളത്. ശ്രീ.പുരുഷൻ കടലുണ്ടി ബഹു. .എം.എൽ.എ. ഫണ്ടിൽ നിന്നും 4.2 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടം എന്ന നിലയിൽ ഗ്രൗണ്ട് ഫ്ലോർ ഒരു ഭാഗം നിർമാണ പ്രവർത്തനങ്ങൾ നടത്തുകയും അതിന്റെ പൂർത്തീകരണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ കൂടി അനുവദിക്കുകയും PWD ജോലി ഭംഗിയായി പൂർത്തീകരിക്കുകയും ചെയ്തു. 2019 ഫെബ്രുവരി 20 ന ബഹുമാനപെട്ട മുഖ്യമന്ത്രി കെട്ടിടം ഉത്ഘാടനം ചെയ്തു. മേൽ പ്രവർത്തികൾ എല്ലാം ചെയ്തത് PWD ആണ്.

കോളേജിന്റെ രണ്ടാം ഘട്ട വികസനത്തിനായി കിഫ്ബി മുഖന്തരം 10.1 കോടി രൂപ അനുവദിക്കുകയും നിർവ്വഹണ ഏജൻസി ആയി കിറ്റ്കോയെ സർക്കാർ ചുമതലപ്പെടുത്തുകയും ചെയ്തു. ഹൈ ലൈറ്റ് ബിൽഡേഴ്സ് എന്ന സ്ഥാപനത്തിന് ടെൻഡർ ലഭിക്കുകയും നിർമ്മാണ പ്രവർത്തികൾ തുടങ്ങുകയും ചെയ്തു. കിറ്റ്കോ ആവശ്യപ്പെട്ട പ്രകാരം നിലവിലുള്ള കെട്ടിടത്തിന് PWD കോളേജിന് ലഭ്യമാക്കിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (G+2) കിറ്റ്കോയെ ഏല്പിക്കുകയും ചെയ്തു (കോപ്പി ഉള്ളടക്കം ചെയ്യുന്നു).

സൂചന 2 കത്ത് പ്രകാരം നിലവിലുള്ള കെട്ടിടത്തിനു മുകളിൽ ഒരു നില കൂടി മാത്രമേ (G+1) പണിയുവാൻ കഴിയുകയുള്ളൂ എന്ന് കിറ്റ്കോ അറിയിച്ചിട്ടുണ്ട്. (കോപ്പി ഉള്ളടക്കം ചെയ്യുന്നു). ഇത്

നിലവിലുള്ള സർക്കാർ മാസ്റ്റർ പ്ലാനിനു വിരുദ്ധമാണ്.

PWD ഫൗണ്ടേഷൻ, ഗ്രൗണ്ട് ഫ്ലോർ വർക്കുകൾ പൂർത്തിയാക്കുകയും, G +2 ന് സ്റ്റെബിലിറ്റി സെർട്ടിഫിക്കറ്റ് നൽകിയ കെട്ടിടത്തിന് ഒന്നാം നിലയിൽ കൂടുതൽ നിർമ്മിക്കാൻ പാടില്ല എന്ന് കിറ്റ്കോ കത്ത് നൽകിയ സഹചര്യത്തിൽ PWD സൈറ്റ് സന്ദർശിച്ചു G +2 നിർമ്മിക്കാൻ ആവശ്യമായ ഉപദേശം നൽകണമെന്ന് PWD യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കോളേജിന്റെ വികസന പ്രവർത്തങ്ങൾക്ക് മുൻപന്തിയിൽ നിൽക്കുന്ന അങ്ങ് ഈക്കാര്യങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തി സർക്കാർ നിശ്ചയിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള മൂന്ന് നില കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തണമെന്ന് അപേക്ഷിക്കുന്നു.

Approval Valid

Digitally Approved By
Dr. S.J Shabu
Date: 24.02.2022
Reason: Approved

വിശ്വസ്തതയോടെ

Dr. S.J Shabu
പ്രിൻസിപ്പാൾ (ഇൻ ചാർജ്)
പ്രിൻസിപ്പാൾക്കു വേണ്ടി